പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: T 7034

13.07.12ൽ മറുപടിയ്ക്ക്

**ഇക്കോ ടൂറിസം പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.സി.മമ്മുട്ടി<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ഇക്കോ ടൂറിസം വികസനത്തിന്റെ ഭാഗമായുള്ള പദ്ധതികളുടെ പ്രവർത്തനം നിരീക്ഷണവിധേയമാക്കാറുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച കണ്ടെത്തലുകൾ വിശദമാക്കാമോ; | (എ) ഉണ്ട്. വനംവകുപ്പിന് കീഴിലുള്ള എക്കോ ഡവലപ്മെന്റ് കമ്മിറ്റി (EDC), വനസംരക്ഷണ സമിതി എന്നിവ വഴി നടത്തുന്ന പദ്ധതി പ്രവർത്തനങ്ങൾ നിരീക്ഷണ വിധേയമാക്കുന്നത് വനം വകുപ്പിന് കീഴിലുള്ള ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസിയാണ്. വനം വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ഭൂരിഭാഗവും മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ചില കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം കുറവാണെന്നുകണ്ട് ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടൂറിസം കേന്ദ്രങ്ങളുടെ ക്യാരിയിംഗ് കപ്പാസിറ്റി തിട്ടപ്പെടുത്തുന്നതിനും കമ്പ്യൂട്ടർ ടിക്കറ്റ് സംവിധാനം നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) 'ഗാന്ധിസ്മൃതിവനം' എന്നീപദ്ധതിയിൻ കീഴിൽ പുതിയ ഇക്കോ ടൂറിസം പ്രോജക്കുകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ;; | (ബി) ഗാന്ധി സ്മൃതിവനം പദ്ധതിയിൽ പ്രതിപാദിച്ചിട്ടുള്ള വിവിധ പരിപാടികളുടെ സാധ്യതാ പഠനം നടന്നുവരികയാണ്. |
| (സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഇക്കോ ടൂറിസം പദ്ധതികൾ സജീവമാണെന്ന് അറിയിക്കുമോ? | (സി) സംസ്ഥാനത്ത് ഇപ്പോൾ സജീവമായ ഇക്കോ ടൂറിസം പദ്ധതികൾ കല്ലാർ, പൊൻമുടി, മങ്കയം, നെയ്യാർ, അരിപ്പ, തെൻമല, പാലരുവി, ശെന്തരുണി, കോന്നി, ഗവി, ചെല്ലാർകോവിൽ, പണേലിപ്പോര്, തേക്കടി, മൂന്നാർ, മറയൂർ, പെരിയാർ, ഇരവികുളം, ചിമ്മിനി, അനങ്ങൻമല, സൈലന്റ് വാലി, പറമ്പികുളം, നിലമ്പൂർ, കക്കയം, പെരുവണ്ണാമൂഴി, തുഷാരഗിരി, ജാനകിക്കാട്, മുത്തങ്ങ, കുറുവ, തിരുനെല്ലി, കമ്പമല, പൈതൽമല, ആറളം തുടങ്ങിയവയാണ്. |

സെക്ഷൻ ഓഫീസർ